കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ഭാരതീയ ചികിത്സ വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന പയ്യന്നൂർ ബ്ലോക്കിൽ ജോലിചെയ്തുവരുന്ന ശ്രീമതി സുനിത പി. വി.-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം അതേ വകുപ്പിലെ ശ്രീ.നവീൺകുമാറിനെ കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2531/2018/ത.സ്വ.ഭ.വ.** **തിരുവനന്തപുരം, തീയതി, 29.09.2018.**

---

പരാമർശം: 1) സ.ഉ.(കൈ) നം.149/2014/തസ്വഭവ തീയതി, 19.08.2014.

2) ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 22.11.207, 30.08.2018 തീയതികളിലെ ഇ3-30524/17 നമ്പർ കത്ത്.

3) ഗ്രാമവികസന കമ്മീഷണറുടെ 23.06.2018-ലെ 5806/എസ്റ്റാ.സി3/18/സി.ആർ.ഡി നമ്പർ കത്ത്.

4) ഗ്രാമവികസന കമ്മീഷണറുടെ 27.07.2018-ലെ 143/എസ്റ്റാ.സി3/18/സി.ആർ.ഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം(1) ലെ ഉത്തരവ് പ്രകാരം പുനർവിന്യാസ വ്യവസ്ഥയിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ഭാരതീയ ചികിത്സ വകുപ്പിലെ ജീവനക്കാരിയായ ശ്രീമതി സുനിത പി.വി.-യുടെ പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിനും പകരം അതേ വകുപ്പിലെ ശ്രീ. നവീൺകുമാറിനെ കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ പുനർവിന്യസിക്കുന്നതിനും പരാമർശം (2) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ പുനർവിന്യാസ ഒഴിവുള്ളതായും അതോടൊപ്പം പയ്യന്നൂർ ബ്ലോക്കിൽ ജോലിചെയ്തുവരുന്ന ശ്രീമതി. സുനിത പി.വി.-യുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങളൊ മറ്റ് നടപടി ക്രമങ്ങളൊയില്ലായെന്നും യഥാക്രമം പരാമർശം (3), (4) കത്ത് മുഖേന ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭാരതീയ ചികിത്സ വകുപ്പിൽ നിന്നും പുനർവിന്യാസ പ്രകാരം പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി സുനിത പി.വി.-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം അതേ വകുപ്പിലെ ക്ലാർക്കായ ശ്രീ. നവീൺകുമാറിനെ കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്കിൽ നിലവിലുള്ള പുനർവിന്യാസ ഒഴിവിലേക്ക് പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ഭാരതീയ ചികിത്സ വകുപ്പ്, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ

സെക്രട്ടറി, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ്

ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന)

ആയുഷ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ